ഭരണഭാഷ മാതൃഭാഷ

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – സംസ്ഥാനത്ത് കാലവർഷ - തുലാവർഷ കെടുതികളെ തുടർന്ന് ദുരിതാശ്വാസ നടപടികൾ ഏകോപിപ്പിക്കുന്നതിനായി വകുപ്പ് മേധാവികളുടെ ഓഫീസുകളിൽ കൺട്രോൾ റൂം രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

**G.O.(Rt) No.1487/2020/LSGD** തീയതി,തിരുവനന്തപുരം. 10/08/2020

---

പരാമർശം - സ.ഉ(സാധാ) നം 1028/2020/തസ്വഭവ തീയതി 01.06.2020

**ഉത്തരവ്**

സംസ്ഥാനത്ത് കാലവർഷ - തുലാവർഷ മുന്നൊരുക്ക, ദുരന്ത നിവാരണ, പ്രതികരണ പ്രവർത്തനങ്ങൾ സംസ്ഥാന / ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുമായി ചേർന്ന് നടപ്പിൽ വരുത്തുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പിലെ സംസ്ഥാനതല / ജില്ലാതല നോഡൽ ഓഫീസർമാരെ പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് കാലവർഷ - തുലാവർഷ കെടുതികളിൽ ദുരന്തനിവാരണ / ദുരിതാശ്വാസ പ്രവർ ത്തനങ്ങളുടെ ഏകോപനം നടത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുതല മേധാവികളുടെ ഓഫീസിൽ ചുവടെ ചേർത്തിരിക്കുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വകുപ്പ് തല കൺട്രോൾ റൂമുകൾ രൂപീകരിച്ച് ഉത്തരവാകുന്നു. കോവിഡ് പശ്ചാതലത്തിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് വേണം കൺട്രോൾ റൂം (സെൽ) പ്രവർത്തിക്കേണ്ടത്.

1. നഗരകാര്യ വകുപ്പ് ഡയറക്ടേറ്റ്

   . ശ്രീ. ബി.കെ.ബാലരാജ്, ജോയിന്റ് ഡയറക്ടർ

   . ശ്രീ. സുബോധ്, പ്രോഗ്രാം ഓഫീസർ, അയ്യങ്കാളി അർബൻ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം

   . ശ്രീ. ഹിരൺ ക്രിഷ്ണ എസ്.എൻ. ഐ.റ്റി ഓഫീസർ, അയ്യങ്കാളി അർബൻ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം

2. പഞ്ചായത്ത് ഡയറക്ടേറ്റ്

   . ശ്രീ. അജിത് കുമാർ, അഡീഷണൽ ഡയറക്ടർ

   . ശ്രീ. സുനിൽ കുമാർ, സിസ്റ്റം മാനേജർ

   ശ്രീ. അജയകുമാർ, ജൂനിയർ സൂപ്രണ്ട്

3. ചീഫ് എഞ്ചിനീയറുടെ ഓഫീസ് തിരുവനന്തപുരം

ശ്രീ ജയൻസൺ. ട്രെയിനിങ്ങ് എഞ്ചിനീയർ

ശ്രീമതി ലേഖ എക്സിക്യൂട്ടീവ് എഞ്ചിനീയർ

4 കുടുംബശ്രീ സംസ്ഥാന മിഷൻ

ശ്രീമതി ആശാവർഗ്ഗീസ് ഡയറക്ടർ

ശ്രീ. രാജേഷ്.എസ്. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ശ്രീ. ദത്തൻ സി.എസ്. പ്രോഗ്രാം ഓഫീസർ

ഇവർ അതത് വകുപ്പിന്റെ കീഴിൽ നടത്തുന്ന പ്രവർത്തനങ്ങളുടെ സമാഹൃത റിപ്പോർട്ട് നിശ്ചിത പെർഫോമയിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സെക്രട്ടറിയേറ്റിലെ കൺട്രോൾ റൂമിൽ എല്ലാ ദിവസവും രാവിലെ 9 മണിയ്ക്കും വൈകുന്നേരം 3 മണിയ്ക്കും ലഭ്യമാക്കേണ്ടതാണ്. ജില്ലാതലത്തിൽ ജില്ലാതല നോഡൽ ഓഫീസറുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിന് വകുപ്പുതല കൺട്രോൾറൂമും ആവശ്യാനുസരണം ആരംഭിക്കേണ്ടതാണ്.

കാലവർഷ - തുലാവർഷ കെടുതികളുടെ ദുരിതാശ്വാസ / ദുരന്തനിവാരണ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള അതത് ദിവസത്തെ വിവരങ്ങൾ സംസ്ഥാന തല നോഡൽ ആഫീസർ നിശ്ചിത പ്രൊഫോമയിൽ 3 മണിക്ക് മുമ്പായി കൺട്രോൾ റൂമിലേയ്ക്ക് ഇ.മെയിലായി നൽകേണ്ടതാണ് (email വിലാസം floodcontrollsgd@gmail.com)

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
PRINCIPAL SECRETARY

പകർപ്പ് :-

ബന്ധപ്പെട്ട വ്യക്തികൾക്ക്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയറുടെ ഓഫീസ്, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർക്കും

ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൌണ്ടന്റ് ജനറൽ (എൽ.ബി.എ) തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർ ക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA4/148/2020-LSGD) / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ